2024
JUNE
11
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 94465 97621

**സുരേഷ് ഗോപി സാംസ്കാരികം, ടൂറിസം, പെട്രോളിയം സഹമന്ത്രി പദവും ജോർജ് കുര്യന് ന്യൂന പക്ഷ ക്ഷേമം, ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീര വികസനം**

## മന്ത്രിമാരുടെ വകുപ്പുകൾ പ്രഖ്യാപിച്ചു



**ന്യൂഡൽഹി:** മൂന്നാം എൻഡിഎ സർക്കാരിലെ മന്ത്രിമാരുടെ വകുപ്പുകൾ പ്രഖ്യാപിച്ചു. അമിത് ഷാ ആഭ്യന്തര മന്ത്രിയായും രാജ് നാഥ് സിങ് പ്രതിരോധ മന്ത്രിയായും എസ്. ജയശങ്കർ വിദേശകാര്യമന്ത്രിയായും നിതിൻ ഗഡ്കരി ഗതാഗത മന്ത്രിയായും തുടരും. എൻഡിഎ സർക്കാരിൻറെ ആദ്യ മന്ത്രിസഭാ യോഗത്തിലാണ് വകുപ്പുകളിൽ തീരുമാനമായത്. ആദ്യമായി കേന്ദ്ര മന്ത്രിസഭയിലെ അംഗമാകുന്ന ശിവ്‌രാജ് സിങ് ചൗഹാൻ കൃഷിവകുപ്പ് , ഗ്രാമവിമസനം എന്നിവ കൈകാര്യം ചെയ്യും.

ഹർദീപ് പുരി പെട്രോളിയം, ജെ പി. നഡ്ഡ ആരോഗ്യം, മനോഹർ ലാൽ ഖട്ടർ ഊർജം, നഗര വികസനം, റാം മോഹൻ നായിഡു വ്യോമയാനം, ഗജേന്ദ്ര സിങ് ഷെഖാവത് ടൂറിസം, സാംസ്കാരികം, കിരൺ റിജിജു പാർലമെൻററി അഫയേഴ്സ്, ന്യൂനപക്ഷക്ഷേമം, പിയൂഷ് ഗോയൽ വാണിജ്യം, അശ്വിനി വൈഷ്ണവ് റെയിൽവേ, വാർത്താവിനിമയം, പ്രഹ്ലാദ് ജോഷി ഭക്ഷ്യവകുപ്പ്, കുമാരസ്വാമി ഉരുക്ക്, ഖനവ്യവസായം, ജിതൻ റാം മാഞ്ചി ചെറുകിട ഇടത്തരം വ്യവസായം, ജ്യോതിരാദിത്യ സിന്ധ്യ ടെലികോം എന്നിവ കൈകാര്യം ചെയ്യും.

അജയ് ടംത, ഹർഷ മൽഹോത്ര എന്നിവർ ഉപരിതല ഗതാഗത വകുപ്പിലെ സഹമന്ത്രിമാരാകും. ശോഭ കരന്തലജെ ചെറുകിട ഇടത്തരം വ്യവസായം (സഹമന്ത്രി), സുരേഷ് ഗോപി സാംസ്കാരികം, ടൂറിസം, പെട്രോളിയം (സഹമന്ത്രി), ശ്രീപദ്നായിക് ഊർജം( സഹമന്ത്രി), ജോർജ് കുര്യൻ ന്യൂന പക്ഷ ക്ഷേമം, ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീര വികസനം (സഹമന്ത്രി)

# പ്രധാനമന്ത്രി ഭവന നിർമാണ പദ്ധതിയിൽ 3 കോടി വീടുകൾ

## കേന്ദ്രമന്ത്രിസഭയുടെ ആദ്യ തീരുമാനം



**ന്യൂഡൽഹി:** പ്രധാനമന്ത്രി ഭവന നിർമാണ പദ്ധതിയിൽ 3 കോടി വീടുകൾ കൂടി നിർമിക്കാൻ മൂന്നാം മോദി സർക്കാരിന്റെ ആദ്യ മന്ത്രിസഭാ യോഗം തീരുമാനിച്ചതായി കേന്ദ്രസർക്കാർ വൃത്തങ്ങൾ അറിയിച്ചു. പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം ഇതുവരെ 4.21 കോടി വീടുകളാണ് നിർമിച്ചത്. ശുചിമുറികൾ, വൈദ്യുതി, എൽപിജി കണക്ഷൻ, ശുദ്ധജല പൈപ്പുകൾ എന്നിവയെല്ലാം ഇതിലുണ്ടാവും. അർഹരായ കുടുംബങ്ങളുടെ എണ്ണം വർധിക്കുന്നതിനാലാണ് 3 കോടി വീടുകൾ കൂടി നിർമിക്കുന്നതെന്നു സർക്കാർ വൃത്തങ്ങൾ പറഞ്ഞു. മന്ത്രിമാരുടെ വകുപ്പുകൾ ഏതെന്നു നിശ്ചയിക്കുന്നതിനു മുൻപായിരുന്നു മന്ത്രിസഭാ യോഗം ചേർന്നത്. വകുപ്പുകൾ സംബന്ധിച്ച തർക്കം കാരണമാണ് തീരുമാനം നീണ്ടതെന്ന പ്രതിപക്ഷ ആരോപണങ്ങൾ കേന്ദ്രസർക്കാർ വൃത്തങ്ങൾ നിഷേധിച്ചു. മന്ത്രിസഭാ തീരുമാനം സംബന്ധിച്ച് വാർത്താ സമ്മേളനമുണ്ടാകുമെന്നു പിഎംഒ അറിയിച്ചെങ്കിലും പിന്നീട് അതു പിൻവലിച്ചു.

## തദ്ദേശ വാർഡ് വിഭജന ബിൽ 5 മിനിറ്റിൽ പാസാക്കി

**തിരുവനന്തപുരം:** പ്രതിപക്ഷ ബഹളത്തിനിടെ തദ്ദേശ വാർഡ് വിഭജന ബിൽ നിയമസഭ പാസാക്കി. 5 മിനിറ്റിലാണ് ബിൽ പാസാക്കിയത്. സബ്ജക്ട് കമ്മിറ്റിക്ക് പോലും വിടാതെയാണു നടപടി. സബ്ജക്ട് കമ്മിറ്റിക്ക് വിടുമെന്നായിരുന്നു അജൻഡ. അസാധാരണ ഘട്ടങ്ങളിലാണ് സബ്ജക്ട് കമ്മിറ്റിക്ക് വിടാതെ ബിൽ പാസാക്കുന്നത്.പ്രതിപക്ഷം സഹകരിക്കാത്തതു കൊണ്ടാണ് ബിൽ നേരിട്ട് പാസാക്കിയതെന്ന് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. നേരത്തേ തിരഞ്ഞെടുപ്പ് കമ്മിഷന്റെ അനുമതി ഇല്ലാത്തതുകൊണ്ട് ഓർഡിനൻസിൽ ഗവർണർ ഒപ്പുവച്ചിരുന്നില്ല. 941 ഗ്രാമപഞ്ചായത്തുകളിലായി 15,962 വാർഡുകളാണ് നിലവിലുള്ളത്.

## വാഹന കയറ്റുമതി റെക്കോഡ് ഉയരത്തിൽ




**കൊച്ചി:** വാഹന കയറ്റുമതിയിൽ പുതിയ ഉയരങ്ങൾ കീഴടക്കി ഇന്ത്യൻ കാർ നിർമാണ കമ്പനികൾ. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ഉത്പാദന ബന്ധിത ആനുകൂല്യങ്ങളുടെ കരുത്തിൽ ലോകത്തിലെ പ്രമുഖ വാഹന കമ്പനികൾ ഇന്ത്യയിലെ ഉത്പാദന മേഖലയിൽ നിക്ഷേപം വർധിപ്പിച്ചതോടെയാണ് ആഗോള കാർ ഹബ്ബായി ഇന്ത്യ മാറുന്നത്. 2021ന് ശേഷം രാജ്യത്തെ കാറുകളുടെ കയറ്റുമതിയിൽ 2.68 ലക്ഷം യൂണിറ്റുകളുടെ വർധനയാണുണ്ടായത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇന്ത്യയിൽ നിന്ന് 6.72 ലക്ഷം കാറുകളാണ് വിദേശ വിപണിയിലെത്തിയത്. 202021 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ കയറ്റുമതിയിൽ 2.68 ലക്ഷം വാഹനങ്ങളുടെ വർധനയാണ് ദൃശ്യമായത്. 202021 വർഷത്തിൽ ഇന്ത്യയിൽ നിന്ന് 4.05 ലക്ഷം കാറുകളാണ് കയറ്റിയയച്ചത്. 202122 വർഷത്തിൽ കയറ്റുമതി 5.78 ലക്ഷം യൂണിറ്റുകളായും 202223 വർഷത്തിൽ 6.63 ലക്ഷവുമായും ഉയർന്നു.

ഇന്ത്യയിൽ നിന്നും ഏറ്റവും കൂടുതൽ കാർ കയറ്റുമതി അയക്കുന്നത് ജപ്പാനിലെ മാരുതി സുസുക്കിയാണ്. ഇന്ത്യയുടെ മൊത്തം യാത്രാ വാഹനങ്ങളുടെ കയറ്റുമതിയിൽ 70 ശതമാനം വിഹിതം മാരുതി സുസുക്കിയ്ക്കാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മാരുതി സുസുക്കി 2.68 ലക്ഷം വാഹനങ്ങൾ വിദേശ വിപണിയിൽ വിറ്റഴിച്ചു. പുതിയ മോഡലുകൾ വിപണിയിൽ അവതരിപ്പിച്ചതും മറ്റൊരു ജാപ്പനീസ് കാർ കമ്പനിയായ ടൊയോട്ട കിർലോസ്ക്കറുമായുള്ള വിപണന പങ്കാളിത്തവുമാണ് മികച്ച നേട്ടമുണ്ടാക്കാൻ മാരുതി സുസുക്കിയെ സഹായിച്ചത്.നിലവിൽ ഇന്ത്യയിൽ നിർമിക്കുന്ന വിവിധ കാറുകൾ നൂറിലധികം രാജ്യങ്ങളിലേക്കാണ് മാരുതി സുസുക്കി കയറ്റിയയക്കുന്നത്. ദക്ഷിണാഫ്രിക്ക, സൗദി അറേബ്യ, ചിലി, മെക്സിക്കോ എന്നീ വിപണികളിലേക്കാണ് പ്രധാനമായും മാരുതി കാറുകൾ വിൽപ്പന നടത്തുന്നത്. ഇന്ത്യയിൽ നിർമിക്കുന്ന ഗ്രാൻഡ് വിറ്റാര, ബലനോ, ഡിസയർ, സ്വിഫ്റ്റ്, എർട്ടിഗ തുടങ്ങിയ മോഡലുകൾ വിദേശ വിപണികളിൽ വൻഹിറ്റാണെന്ന് കമ്പനി അവകാശപ്പെടുന്നു.



LOCATION
QR CODE
Tharayanganam,
Vagamon
Kerala 685503
Contact: 6282666148, 7909166148
info@olivethomestay.com
contact@olivethomestay.com
Olivet
HOME STAY
www.olivethomestay.com




ടൂറിസം ഫെസിലിറ്റേഴ്സ് ഫോറം ഓഫ് കേരള (കെഎംടിഎഫ്എഫ്)ന്റെ നേതൃത്വത്തിൽ കൊച്ചിയിൽ സംഘടിപ്പിക്കുന്ന 'മെഡിക്കൽ വാല്യൂ ട്രാവൽ മീറ്റ് 'ന്റെ പ്രഖ്യാപനം കെഎംടിഎഫ്എഫ് പ്രസിഡന്റ് ഡോ. കെ എ അബൂബക്കർ കലൂർ ഐഎംഎ ഹൗസിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ നിർവ്വഹിച്ചപ്പോൾ. നൗഫൽ ചാക്കേരി, പി എച്ച് അയൂബ്,ഷക്കീല സുബൈർ, പി എ സിറാജ്, പി എ ഷിബു, സൈനുൽ ആബിദ്, ജാഫർ ബാക്കവി, കെ പി ഷിബു, മനോജ് കുമാർ സമീപം

# കേരളത്തെ ആരോഗ്യടൂറിസം ഹബ്ബാക്കി മാറ്റണം : കെഎംടിഎഫ്എഫ്

## ജൂൺ 13 ന് കൊച്ചിയിൽ മെഡിക്കൽ വാല്യൂ ട്രാവൽ മീറ്റ്

**കൊച്ചി:** കേരളത്തെ ആരോഗ്യടൂറിസം ഹബ്ബാക്കി മാറ്റാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് മെഡിക്കൽ ടൂറിസം ഫെസിലിറ്റേഴ്സ് ഫോറം ഓഫ് കേരള (കെഎംടിഎഫ്എഫ്) പ്രസിഡന്റ് ഡോ. കെ എ അബൂബക്കർ, സെക്രട്ടറി നൗഫൽ ചാക്കേരി, ട്രഷറർ പി എച്ച് അയൂബ് എന്നിവർ വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു. ആരോഗ്യ ടൂറിസം രംഗത്ത് അനന്ത സാധ്യതകളാണുള്ളതെങ്കിലും അത് വേണ്ട വിധം പ്രയോജനപ്പെടുത്താൻ നമ്മൾക്കാവുന്നില്ല.

മറ്റു രാജ്യങ്ങളിൽ ടൂറിസം വിസയിൽ ചികിൽസയ്ക്ക് പോകാൻ സാധിക്കുമ്പോൾ ഇന്ത്യയിലേക്ക് ചികിൽസയ്ക്ക് വരണമെങ്കിൽ മെഡിക്കൽ വിസയിലൂടെ മാത്രമെ സാധ്യമാകു. ഇതിനാകട്ടെ ഒട്ടേറെ കടമ്പകളും താമസവും നേരിടുകയാണ്. ഇത് പലപ്പോഴും നമ്മൾക്ക് തിരിച്ചടിയാണ് സമ്മാനിക്കുന്നത്.

600 കോടി മുതൽ ആയിരം കോടിവരെയുള്ള വരുമാനം നിലവിൽ ആരോഗ്യ ടൂറിസം വഴി കേരളത്തിന് ലഭ്യമാകുന്നുണ്ടെന്നും ഈ സാഹചര്യത്തിൽ സർക്കാർ ഇടപെട്ട് മെഡിക്കൽ വിസ ചട്ടങ്ങൾ ലഘൂകരിച്ചാൽ വിദേശത്ത് നിന്നുള്ള വരുമാനം വർധിപ്പിക്കാനുള്ള ഏറ്റവും വിലയ സാധ്യതയാണ് മെഡിക്കൽ ടൂറിസം തുറന്നിടുന്നത്. ഇത്തരം വിഷയങ്ങളിലടക്കം സർക്കാരിന്റെ അനുകൂല ഇടപെടലും വിദേശരാജ്യങ്ങളിൽ നിന്നും കൂടുതൽ പേരെ ചികിൽസയ്ക്കായി ഇവിടേയ്ക്ക് എത്തിക്കുന്നതും ലക്ഷ്യമിട്ട് കെഎംടിഎഫ്എഫ് ന്റെ നേതൃത്വത്തിൽ ജൂൺ 13, വ്യാഴാഴ്ച കൊച്ചിയിൽ ' മെഡിക്കൽ വാല്യൂ ട്രാവൽ മീറ്റ് ' (എംവിടി മീറ്റ് 24) സംഘടിപ്പിക്കുമെന്നും ഇവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

എറണാകുളം ഹോളിഡേ ഇൻ ഹോട്ടലിൽ നടക്കുന്ന എംവിടി 24 കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ) മാനേജിംഗ് ഡയറക്ടർ എസ്.സുഹാസ് ഐഎഎസ് ഉദ്ഘാടനം ചെയ്യും. കെ.എം.ടി.എഫ്.എഫ് പ്രസിഡന്റ് ഡോ.കെ.എ അബൂബക്കർ അധ്യക്ഷത വഹിക്കും. എഫ്.എച്ച്.ഡബ്ല്യു.പി പ്രസിഡന്റ് ദലിപ് കുമാർ ചോപ്ര, രാജഗിരി ആശുപത്രി സിഇഒയും സി.എ.എച്ച്.ഒ ഹെൽത്ത് കെയർ ഇൻസ്റ്റിറ്റിയൂഷൻസ് ഡിവിഷൻ ചെയർമാനുമായ ഫാ. ജോൺസൺ വാഴപ്പിള്ളി സിഎംഐ എന്നിവർ മുഖ്യപ്രഭാഷണം നടത്തും. ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.എം എം ഹനീഷ് മുഖ്യ അതിഥിയായിരിക്കും. വിപിഎസ് ലേക്ക്ഷോർ മാനേജിംഗ് ഡയറക്ടർ എസ്.കെ അബ്ദുള്ള, ആസ്റ്റർ മെഡ്സിറ്റി വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ, ഡോ. കെ.എം ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് മാനേജിംഗ് ഡയറക്ടർ ഫാ.ഡോ.അലക്സാണ്ടർ കൂടരത്തിൽ, സൺറൈസ് ഗ്രൂപ്പ് ഓഫ് ഹോസ്പിറ്റൽസ് ചെയർമാൻ ഡോ. ഹഫീസ് റഹ്മാൻ, കേരള ട്രാവൽ മാർട്ട് പ്രസിഡന്റ് ജോസ് പ്രദീപ്, അപ്പോളോ അഡ്ലക്സ് ഹോസ്പിറ്റൽ സി.ഒ.ഒ ഡോ.ഷുഹൈബ് ഖാദർ, കിംസ് തിരുവനന്തപുരം ഗ്രൂപ്പ് മാർക്കറ്റിംഗ് ഹെഡ് വൈ.ആർ വിനോദ്, സഹാ ഗാർഡൻ മെഡിക്കൽ ഓഫീസർ ഡോ. എ.എസ് അനസ്, ഫ്യൂച്ചറേസ് ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടർ ഡോ. അൻവർ ഹസ്സൈൻ, കെ.എം.ടി.എഫ്.എഫ് സെക്രട്ടറി നൗഫൽ ചാക്കേരി, ജോയിന്റ് സെക്രട്ടറി അബ്ദുൾ റസാഖ് മുഹമ്മദ്, ട്രഷറർ പി.എച്ച് അയൂബ്, മനോജ് കുമാർ, പി.സിറാജ് തുടങ്ങിയവർ സംസാരിക്കും.

'കേരളത്തിലെ ആരോഗ്യ ടൂറിസത്തിന്റെ വളർച്ച' 'നേട്ടങ്ങളും ആനുകൂല്യങ്ങളും' എന്ന വിഷയത്തിൽ പാനൽ ചർച്ച നടക്കും. സജീവ് കുറുപ്പ് (കേരള ടൂറിസം കോഓപ്പറേറ്റീവ് സൊസൈറ്റി ചെയർമാൻ, കോൺഫെഡറേഷൻ ഓഫ് കേരള ടൂറിസം ഇൻഡസ്ട്രി ജനറൽ സെക്രട്ടറി), ഡോ.കെ.എസ് വിഷ്ണു നമ്പൂതിരി (എഎംഎഐ സ്റ്റേറ്റ് വൈസ് പ്രസിഡന്റ്), യൂനസ് സലീം (സിഇഒ, ഗ്ലോബൽ ട്രീറ്റ്മെന്റ് സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ്), ജോസ് പോൾ (ജനറൽ മാനേജർ, റിലേഷൻ ആന്റ് ഹെഡ് ഓഫ് ഇന്റർനാഷണൽ പേഷ്യന്റ് സർവ്വീസസ്, രാജഗിരി ഹോസ്പിറ്റൽ), തിരുവനന്തപുരം കിംസ് ആശുപത്രി മാർക്കറ്റിംഗ് മേധാവി വൈ.ആർ.വിനോദ്, ഡോ. കെ.എ അബൂബക്കർ ( പ്രസിഡന്റ്, കെഎംടിഎഫ് എഫ്) എന്നിവർ ചർച്ചയിൽ പങ്കെടുക്കും. മുതിർന്ന മാധ്യമപ്രവർത്തകൻ സെബിൻ പൗലോസ് മോഡറേറ്ററാകും.

കെഎംടിഎഫ്എഫ് വൈസ് പ്രസിഡന്റുമാരായ ഷക്കീല സുബൈർ, പി എ സിറാജ്, ജോയിന്റ് സെക്രട്ടറി പി എ ഷിബു, സൈനുൽ ആബിദ്, ജാഫർ ബാക്കവി, കെ പി ഷിബു, മനോജ് കുമാർ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

## ആമസോണിൽ അതിവേഗം വളരുന്ന മാർക്കറ്റുകളിൽ ഒന്നായി കൊച്ചി

**കൊച്ചി :** ഇലക്ട്രോണിക് പർസണൽ കംപ്യൂട്ടിംഗ് ഉൽപ്പന്നങ്ങളുടെയും ഓഫീസ് ഉൽപ്പന്നങ്ങളുടെയും അതിവേഗം വളരുന്ന വിപണിയായി കൊച്ചി മാറിയതായി ആമസോൺ കണക്കുകൾ. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഈ ഉത്പന്നങ്ങൾ ആമസോൺ വഴി കൊച്ചിയിൽ ഓർഡർ ചെയ്തവരുടെ എണ്ണം ഇരട്ടിയായി.ക്യാമറ ഉപകരണങ്ങൾ, ആക്സസറികൾ, ടാബ്ലറ്റ്, ഡെസ്ക്ക്ടോപ്പ് കംപ്യൂട്ടർ, പിസി ആക്സസറികൾ, ലാപ്ടോപ്, മോണിട്ടർ പോലെയുള്ള കൺസ്യൂമർ ഇലക്ട്രോണിക്സിന്റെയും വില്പന കഴിഞ്ഞ ഒരു വർഷത്തിൽ ഇരട്ടിയായി. പുറമേ, എംഎസ്ഐ, ഏസർ, ഡെൽ എന്നിവ ഈ മേഖലയിലെ ഇടപാടുകാർ ഏറ്റവുമധികം ഇഷ്ടപ്പെടുന്ന ബ്രാൻഡുകളായി മാറിയിരിക്കുന്നു.

ഉപഭോക്താക്കൾക്ക് മുൻഗണന നൽകുന്ന ഒരു ബ്രാൻഡ് എന്ന നിലയിൽ, മികവുറ്റ മൂല്യത്തിനും തടസ്സരഹിതമായ ഷോപ്പിംഗ് അനുഭവത്തിനുമൊപ്പം ഉല്പന്നങ്ങളുടെ വ്യാപകമായ തിരഞ്ഞെടുപ്പും നൽകുന്നതിന് ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് നിഷാന്ത് സർദാനാ, ഡയറക്ടർ, കൺസ്യൂമർ ഇലക്ട്രോണിക്സ് ആൻഡ് പർസണൽ കംപ്യൂട്ടിംഗ്, ആമസോൺ ഇൻഡ്യ പറഞ്ഞു.

## കെവിവിഇഎസ് കലൂർ : ഭാരവാഹികളെ തിരഞ്ഞെടുത്തു



കെ എ നാദിർഷ, കെ. സി. അനസ്

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെവിവിഇഎസ്) കലൂർ യൂണിറ്റ് പ്രസിഡന്റായി കെ എ നാദിർഷയെയും ജനറൽ സെക്രട്ടറിയായി കെ. സി അനസിനെയും ട്രഷറർ ആയി സജി സ്റ്റാൻലിയെയും വാർഷിക സമ്മേളനം തിരഞ്ഞെടുത്തു.കലൂർ പോണോത്ത് റോഡ് ജ്യോതിസ് ഹാളിൽ നടന്ന സമ്മേളനം ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി സി ജേക്കബ് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡണ്ട് കെ.എ നാദിർഷാ അധ്യക്ഷത വഹിച്ചു. ജില്ലാ ജനറൽ സെക്രട്ടറി അഡ്വ. എ.ജെ.റിയാസ് , ജില്ലാ ട്രഷറർ സി എസ് അജ്മൽ, ജില്ലാ വൈസ് പ്രസിഡണ്ടുമാരായ ജിമ്മി ചാക്യാത്ത്, എം സി പോൾസൺ, അബ്ദുൾ റസാഖ്, ജില്ലാ സെക്രട്ടറി കെ. ടി. ജോയ്, എറണാകുളം നിയോജകമണ്ഡലം ജനറൽ സെക്രട്ടറി എഡ്വേർഡ് ഫോസ്റ്റസ്, വനിതാ വിംഗ് സംസ്ഥാന പ്രസിഡന്റ് സുബൈദ നാസർ, യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസ്, ജില്ലാ പ്രസിഡന്റ് കെ എസ് നിഷാദ്, വനിതാ വിംഗ് നിയോജക മണ്ഡലം പ്രസിഡന്റ് ജയപീറ്റർ, യൂണിറ്റ് വൈസ് പ്രസിഡന്റുമാരായ വി വി സ്റ്റീഫൻ, കെ എം ഖാലിദ് തുടങ്ങിയവർ സംസാരിച്ചു.

## കേന്ദ്രമന്ത്രിസഭയിലെ കേരള പ്രാതിനിധ്യം; സ്വാഗതം ചെയ്ത് സീറോമലബാർ സഭ

**കൊച്ചി:** കേന്ദ്രത്തിൽ ഇന്നലെ അധികാരമേറ്റ നരേന്ദ്രമോഡിയുടെ നേതൃത്വത്തിലുള്ള എൻഡിഎ സർക്കാരിൽ കേരളത്തിൽ നിന്നും സുരേഷ് ഗോപിയെയും ജോർജ്ജ് കുര്യനെയും സഹമന്ത്രിമാരാക്കിയതിനെ സ്വാഗതം ചെയ്ത് സീറോ മലബാർ സഭ. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ നമ്മുടെ ഭാരതത്തിൽ പുതിയ സർക്കാർ അധികാരമേറ്റിരിക്കുകയാണെന്നും കേന്ദ്രമന്ത്രിസഭയിൽ കേരളത്തിന്റെ പ്രതിനിധികളായി സുരേഷ് ഗോപിയും ജോർജ് കുര്യനും ഉൾപ്പെടുത്തപ്പെട്ടതിലുള്ള സന്തോഷം രേഖപ്പെടുത്തുന്നതായി സീറോ മലബാർ സഭ പബ്ലിക് അഫയേഴ്സ് കമ്മീഷൻ വാർത്താ കുറിപ്പിൽ അറിയിച്ചു.

കേരളത്തിന്റെ പൊതുതാൽപര്യങ്ങൾ സംരക്ഷിക്കാനും വികസനം ത്വരിതപ്പെടുത്താനും ഇവർക്കു സാധിക്കട്ടെയെന്ന് ആശംസിക്കുന്നു. ഭരണഘടനാതത്വങ്ങൾ അടിസ്ഥാനമാക്കിയും മതേതരമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചും രാഷ്ട്രത്തിന്റെ ബഹുസ്വരതയും ന്യൂനപക്ഷവിഭാഗങ്ങളുടെ അവകാശങ്ങളും സംരക്ഷിച്ചുകൊണ്ടും രാഷ്ട്രത്തെ കൂടുതൽ വികസനത്തിലേക്കും സാമൂഹിക പുരോഗതിയിലേക്കും നയിക്കാൻ പുതിയ സർക്കാരിന് സാധിക്കട്ടെ. ഭാരതത്തിന്റെ നവോത്ഥാനത്തിനും സാംസ്കാരിക പുരോഗതിക്കും വിദ്യാഭ്യാസനേട്ടങ്ങൾക്കും സ്വതന്ത്രപ്രാപ്തിക്കും നിസ്തുല സംഭാവനകൾ നൽകിയിട്ടുള്ള രാഷ്ട്രനേതാക്കളുടെ പ്രവർത്തനശൈലി ഈ സർക്കാരിനും തുടരാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

കേന്ദ്രസർക്കാരിന്റെ ഇപ്രകാരമുള്ള രാഷ്ട്രനിർമാണയത്നങ്ങൾക്ക് പിന്തുണ വാഗ്ദാനം ചെയ്യുന്നതായും സീറോ മലബാർ സഭ പബ്ലിക് അഫയേഴ്സ് കമ്മീഷൻ വാർത്താ കുറിപ്പിൽ വ്യക്തമാക്കി.

## കേരള റോഡ് സുരക്ഷ അതോറിറ്റിയിൽ ഡെപ്യൂട്ടേഷൻ ഒഴിവ്

**തിരുവനന്തപുരം:** കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് ഡെപ്യൂട്ടേഷൻ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ക്ലാർക്ക് തസ്തികയിൽ മൈക്രോസോഫ്റ്റ് എക്സൽ, സ്പ്രെഡ് ഷീറ്റ്, പവർ പോയിന്റ്, പ്രസന്റേഷൻ ആൻഡ് ഓൺലൈൻ, വിർചൽ പ്ലാറ്റ്ഫോം, ഇഓഫീസ് പരിശീലനം എന്നിവയിലുള്ള പരിജ്ഞാനം ഉണ്ടായിരിക്കണം. ഓഫീസ് അറ്റൻഡന്റിന് 2 വീലർ, 4 വീലർ വാഹനങ്ങൾ ഉപയോഗിക്കുവാനറിയണം. വിവിധ സർക്കാർ വകുപ്പുകളിൽ തത്തുല്യ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അപേക്ഷിക്കാം. കേരള സർവീസ് റൂൾ പാർട്ട് ഒന്നിലെ ചട്ടം 144 അനുസരിച്ചുള്ള നിശ്ചിത മാതൃകയിലെ അപേക്ഷ എൻ.ഒ.സി സഹിതം ബന്ധപ്പെട്ട വകുപ്പു മേധാവി മുഖേന കേരള റോഡ് സുരക്ഷാ കമ്മീഷണർ, ട്രാൻസ്ടവേഴ്സ്, തിരുവനന്തപുരം 14 എന്ന വിലാസത്തിൽ 25നകം സമർപ്പിക്കണം. ഫോൺ : 0471 2336369.




# ആർആർ കാബെൽ പുതിയ വയറിംഗ് സൊല്യൂഷൻ പുറത്തിറക്കി

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ വയർ, കേബിൾ നിർമ്മാതാക്കളായ ആർആർ കാബെൽ ലിമിറ്റഡ്, ഹൗസ് വയർ സൊല്യൂഷനുകളിലെ നൂതനമായ ഫയറെക്സ് എൽഎസ്എച് ഇബിഎക്സ്എൽ പുറത്തിറക്കി. അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച്, സുരക്ഷിതത്വത്തിന് മുൻതൂക്കം നൽകിക്കൊണ്ടാണ്, റെസിഡൻഷ്യൽ, കൊമേഴ്സ്യൽ ഇലക്ട്രിക്കൽ വയറിംഗിനായി ഈ ഉത്പന്നം സജ്ജമാക്കിയിട്ടുള്ളതെന്ന് ആർആർ കാബെലിന്റെ മാനേജിങ് ഡയറക്ടർ ശ്രീ ശ്രീഗോപാൽ കാബ്ര വ്യക്തമാക്കി.ഫയറെക്സ് എൽഎസ് എച് ഇബിഎക്സ്എൽ (എൽഎസ് എച് ലോ സ്മോക്ക് സീറോ ഹാലൊജൻ) (ഇബിഎക്സ്എൽ ഇലക്ട്രോൺ ബീം ക്രോസ് ലിങ്ക്ഡ്) പേര് സൂചിപ്പിക്കുന്നത് പോലെ പൂർണ്ണമായും ഹാലൊജനില്ലാത്തതും 900ഝഇ വരെയുള്ള ഉയർന്ന താപനിലയെ നേരിടാൻ കഴിവുള്ളതുമായ ഒരു നൂതന ഇലക്ട്രോൺ ബീം ക്രോസ്ലിങ്ക്ഡ് സംയുക്തം ഉപയോഗിക്കുന്നു. ഇത് വൈദ്യുത സുരക്ഷയിലെ ഒരു സുപ്രധാനമുന്നേറ്റമാണ്. കൊച്ചിയിൽ വ്യവസായ പ്രമുഖരും വ്യാപാര പങ്കാളികളും ഓഹരി ഉടമകളും പങ്കെടുത്ത ചടങ്ങിലാണ് ഫയറെക്സ് എൽഎസ്0എച് ഇബിഎക്സ്എൽ പരിചയപ്പെടുത്തിയത്.ആർആർ കാബെൽ, ആളുകളുടെ ജീവിതത്തെ ഗുണപരമായി സ്വാധീനിക്കുന്ന ഉൽപ്പന്ന നവീകരണങ്ങൾക്ക് എപ്പോഴും തുടക്കമിട്ടിട്ടുണ്ട്. നവീകരണം, സുരക്ഷ, സുസ്ഥിരത എന്നിവയോടുള്ള പ്രതിബദ്ധതയുടെ നേർച്ചിത്രമാണെന്നും, എശ്യലഃ ഘടഒരഒള ആതഘ , മറ്റു ഉത്പന്നങ്ങളിൽ നിന്ന് വ്യത്യസ്തമായി, ക്ലോറിൻ ഫ്രീ മാത്രമല്ല, വിഷരഹിതവും നാശമുണ്ടാക്കാത്തതും കൂടാതെ പതിന്മടങ്ങ് സുരക്ഷ വാഗ്ദാനം ചെയ്യുന്നതുമാണെന്നും ശ്രീഗോപാൽ കാബ്ര വ്യക്തമാക്കി.




# ബുക്ക് മൈ ഗോൾഡ് ലോൺ പ്രചാരണവുമായി മുത്തൂറ്റ് ഫിൻകോർപ്പ്

**കൊച്ചി:** മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് (എംഎഫ്എൽ) ഷാരൂഖ് ഖാനുമായി ചേർന്ന് 'ബുക്ക് മൈ ഗോൾഡ് ലോൺ' എന്ന പ്രചാരണത്തിന് തുടക്കം കുറിച്ചു. എവിടെയിരുന്നും ഏതു സമയത്തും ഉടനടി സ്വർണ വായ്പ ബുക്ക് ചെയ്യാവുന്ന ഈ സേവനം ഇന്ത്യയിൽ ആദ്യത്തേതാണ്. പുതിയതായി അവതരിപ്പിച്ച ഈ സേവനത്തിലൂടെ ഉപഭോക്താക്കൾക്ക് ഒരു മിസ്ഡ് കോളിലൂടെ വായ്പ ഇടപാട് നടത്താമെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് സിഇഒ ഷാജി വർഗീസ് പറഞ്ഞു.

നൂതനമായ ഈ സേവനത്തിലൂടെ ഉപഭോക്താക്കൾക്ക് സ്വർണ വായ്പകൾ ല്യമാക്കും എന്നു മാത്രമല്ല സൗകര്യപ്രദമായി ഇടപാടു നടത്തുകയും ചെയ്യാം. രാജ്യത്തുടനീളമുള്ള മുത്തൂറ്റ് ഫിൻകോർപ്പിൻറെ 3700ലധികം ബ്രാഞ്ചുകളുടെയും 50ലധികം നഗരങ്ങളിലുള്ള ഗോൾഡ് ലോൺ ഫ്രം ഹോമിൻറെയും പിന്തുണയും ഈ സേവനത്തിനുണ്ടാകും.

എല്ലാ ഇന്ത്യക്കാർക്കും സാമ്പത്തിക സഹായം ലഭ്യമാക്കുകയാണ് ഈ പ്രചാരണത്തിലൂടെ ലക്ഷ്യമിടുന്നതെന്നും ഷാജി വർഗീസ് പറഞ്ഞു. വീട്ടിലിരുന്നോ ബ്രാഞ്ചിൽ നിന്നോ സ്വർണ വായ്പ ലഭ്യമാക്കി ഉപഭോക്താക്കളുടെ ജീവിതം ലളിതമാക്കുകയാണ് ബുക്ക് മൈ ഗോൾഡ് ലോൺ സേവനത്തിലൂടെ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കേരളത്തിൽ റൊട്ടവേറ്റർ ഡിമാൻഡ് വർധിപ്പിക്കാനൊരുങ്ങി മഹീന്ദ്ര




**കൊച്ചി:** മൺസൂൺ വിളവെടുപ്പ് സീസണിൻറെ ഭാഗമായി റൊട്ടവേറ്ററുകളുടെ വർധിച്ചുവരുന്ന ഡിമാൻഡ് നേരിടാൻ തയാറെടുത്ത് ലോകത്തിലെ ഏറ്റവും വലിയ ട്രാക്ടർ നിർമാതാക്കളായ മഹീന്ദ്ര ഫാം എക്യുപ്മെൻറ് സെക്ടർ. വരാനിരിക്കുന്ന ഖാരിഫ് സീസണിൽ അരിയുടെയും ഗോതമ്പിൻറെയും ഉയർന്ന ഉൽപാദനം പ്രതീക്ഷിക്കുന്ന സാഹചര്യത്തിലാണ് കമ്പനി റൊട്ടവേറ്റർ ശ്രേണിയുടെ ഡിമാൻഡ് വർധിപ്പിക്കാനൊരുങ്ങുന്നത്. കഴിഞ്ഞ വർഷം ലൈറ്റ് സെഗ്മെൻറിൽ മഹീന്ദ്രയുടെ റൊട്ടവേറ്ററിൻറെ വിജയകരമായ അവതരണത്തിന് ശേഷം കേരളത്തിൽ ദ്രുതഗതിയിലുള്ള കാർഷിക യന്ത്രവൽക്കരണം സാധ്യമാക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്

മഹീന്ദ്രയുടെ ഇന്ത്യയിലെ ആർ ആൻഡ് ഡി സെൻററിൽ രൂപകൽപ്പന ചെയ്ത് വികസിപ്പിച്ചെടുത്ത റൊട്ടോവേറ്ററുകളുടെ സമഗ്രനിരയിൽ, ഹെവി മുതൽ ലൈറ്റ് വിഭാഗത്തിലുള്ള ഉൽപ്പന്നങ്ങൾ വരെ ഉൾപ്പെടുന്നുണ്ട്. 15 മുതൽ 70 എച്ച്പി വരെയുള്ള ട്രാക്ടറുകളുമായി അനുരൂപമായതാണ് ഇതെല്ലാം. ഹെവി സെഗ്മെൻറിൽ (മഹാവേറ്റർ സീരീസ്, മഹാവേറ്റർ എച്ച്ഡി (ഹെവി ഡ്യൂട്ടി) സീരീസ്, മീഡിയം സെഗ്മെൻറിൽ (സൂപ്പർവേറ്റർ സീരീസ്), ലൈറ്റ് സെഗ്മെൻറിൽ, ചെറുകിട ട്രാക്ടർ ഉടമകൾക്കും തോട്ടം കർഷകർക്കും വേണ്ടിയുള്ള മിനിവേറ്റർ സീരീസ് എന്നിവ ഉൾപ്പെടുന്നതാണ് ഈ ശ്രേണിയെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

മഹീന്ദ്രയുടെ റൊട്ടവേറ്ററുകൾ മഹീന്ദ്രയുടെ ട്രാക്ടർ ഡീലർ നെറ്റ്വർക്കിലൂടെയും കേരളത്തിലെ എക്സ്ക്ലൂസീവ് ഡിസ്ട്രിബ്യൂട്ടേഴ്സ് വഴിയും വാങ്ങാനാവും. ഓരോ വേരിയൻറിനും അനുസൃതമായി 100% സൗകര്യപ്രദവും ആകർഷകവുമായ ലോൺ സ്കീമുകളും മഹീന്ദ്ര ഫിനാൻസ് നൽകും. ഒന്ന് മുതൽ രണ്ട് വർഷം വരെയുള്ള വാറൻറിയാണ് മഹീന്ദ്രയുടെ റൊട്ടവേറ്ററുകൾക്ക് കമ്പനി വാഗ്ദാനം ചെയ്യുന്നത്.



## സംസ്കൃത സർവ്വകലാശാല: ബി. എഫ്. എ. പരീക്ഷകൾ

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ രണ്ടും നാലും ആറും എട്ടും സെമസ്റ്ററുകൾ ബി. എഫ്. എ. (റീഅപ്പിയറൻസ്) പരീക്ഷകളുടെ തീയതികൾ പ്രഖ്യാപിച്ചു. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.

## പി. ജി. ഫലം പ്രസിദ്ധീകരിച്ചു

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ എം. എ./എം. എസ്!സി/ എം. പി. ഇ. എസ്. (റഗുലർ / റീ അപ്പിയറൻസ്/റീ അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.

## പ്രോജക്ട് ഫെലോ ഒഴിവ്

**കൊച്ചി:** കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കൈരളി ഗവേഷണ പുരസ്കാരത്തിന്റെ ഭാഗമായി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ പ്രോജക്ട് ഫെലോയെ നിയമിക്കുന്നു.

ആർട്സ് ആൻഡ് ഹ്യുമാനിറ്റീസ് വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം നേടിയവർക്ക് അപേക്ഷിക്കാം. അറബിക്, മലയാളം ഭാഷകളിൽ പ്രാഗത്ഭ്യമുള്ളവർക്ക് മുൻഗണന ലഭിക്കും. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ജൂൺ 30.

അപേക്ഷകൾ അയയ്ക്കേണ്ട വിലാസം: പ്രൊഫ. ഷംഷാദ് ഹുസൈൻ കെ. ടി., മലയാള വിഭാഗം, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, തിരൂർ പ്രാദേശിക ക്യാമ്പസ്, തിരുന്നാവായ, മലപ്പുറം 676 301.

## ഗസ്റ്റ് ലക്ചറർ ഒഴിവുകൾ

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ കേന്ദ്രത്തിലെ ഡാൻസ് ഭരതനാട്യം, ഡാൻസ് മോഹിനിയാട്ടം വിഭാഗങ്ങളിൽ ഗസ്റ്റ് ലക്ചറർ ഒഴിവുകളിലേയ്ക്ക് ജൂൺ 14ന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു.

യു ജി സി നിഷ്കർഷിച്ചിട്ടുള്ള യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാം.

മോഹിനിയാട്ടം, ഭരതനാട്യം വിഭാഗങ്ങളിലേയ്ക്കുള്ള വാക്ക് ഇൻ ഇന്റർവ്യൂകൾ 14ന് യഥാക്രമം രാവിലെ 11നും ഉച്ചകഴിഞ്ഞ് രണ്ടിനും അതത് വകുപ്പ് മേധാവികളുടെ ഓഫീസിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു.

## ഫലം പ്രസിദ്ധീകരിച്ചു

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ഏപ്രിലിൽ നടത്തിയ രണ്ടാം സെമസ്റ്റർ ഡിപ്ലോമ ഇൻ ആയുർവേദ പഞ്ചകർമ്മ ആൻഡ് ഇന്റർനാഷണൽ സ്പാ തെറാപ്പി, പി ജി ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ ആൻഡ് ഓഫീസ് പ്രൊസീഡിംഗ്സ് ഇൻ ഹിന്ദി, നാലാം സെമസ്റ്റർ എം. എഫ്. എ. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.

## കുസാറ്റ്: ഹിന്ദി വകുപ്പ് പി.ജി.ഡി.ടി പ്രവേശന പരീക്ഷ ജൂൺ 24 ന്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, ഹിന്ദി വകുപ്പിലെ പി.ജി.ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ, ജേണലിസം ആൻഡ് കമ്പ്യൂട്ടിംഗ് (ഹിന്ദിഇംഗ്ലിഷ്) കോഴ്സിലേക്ക് 202425 അധ്യയന വർഷത്തെ പ്രവേശനത്തിനുള്ള വകുപ്പ് തല പ്രവേശന പരീക്ഷ 2024, ജൂൺ 24 ന് രാവിലെ 10 മണിക്ക് ഹിന്ദി വകുപ്പ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുന്നു.

അപേക്ഷകർക്ക് ഹാൾ ടിക്കറ്റ് ഇമെയിലായും തപാൽ വഴിയും അയച്ചിട്ടുണ്ട്.സംശയങ്ങൾക്ക് 0484286 2500, 9895664682 എന്ന ഫോൺ നമ്പറുകളിലോ hodhindi@cusat.ac.in എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടാം.

## ക്ലാർക്ക് കം ടൈപ്പിസ്റ്റ് ഒഴിവ്

**തിരുവനന്തപുരം:** കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെ അനുബന്ധ സ്ഥാപനമായ നെയ്യാറ്റിൻകര താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റി, ഓഫീസിലെ ക്ലാർക്ക് കം ടൈപ്പിസ്റ്റ് ഒഴിവിൽ അപേക്ഷ ക്ഷണിച്ചു.

ജൂൺ 19 നകം അപേക്ഷ നൽകണം. വിശദവിവരങ്ങൾക്ക് : www.kelsa.keralacourts.in.

# കുസാറ്റിൽ ലോക പരിസ്ഥിതി ദിനം ആചരിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ, പരിസ്ഥിതി പഠന വിദ്യാലയം ലോക പരിസ്ഥിതി ദിനം ആചരിച്ചു. 'പ്രതിരോധശേഷിയുള്ളൊരു ആവാസ വ്യവസ്ഥയെ പുനസ്ഥാപിക്കുക' എന്ന വിഷയം ആസ്പദമാക്കിയുള്ള പ്രഭാഷണത്തോടു കൂടിയുള്ള ആഘോഷ പരിപാടികളുടെ ഉദ്ഘാടനം ജൂൺ 05 ന് കുസാറ്റ് വൈസ് ചാൻസലർ ഡോ.പി.ജി.ശങ്കരൻ നിർവഹിച്ചു.പരിസ്ഥിതി പഠന വിദ്യാലയം ഡയറക്ടർ ഡോ.സുജ പി ദേവിപ്രിയ, ഡീനും സർവകലാശാലാ രജിസ്ട്രാറുമായ ഡോ.ശിവാനന്ദൻ ആചാരി എന്നിവരുടെ സാനിധ്യത്തിൽ സംഘടിപ്പിച്ച പ്രസ്തുത ചടങ്ങിൽ, വിശിഷ്ടാതിഥികളായ ഡോ. കെ.ജയശ്ചന്ദ്രൻ (എഫ്.എ.സി.റ്റി. ഡയറക്ടർ) 'ഗ്രീൻ ഹൈഡ്രജൻ എക്കോണമി' എന്ന വിഷയത്തിലും, പ്രൊഫസർ.എസ്.ജയകുമാർ (പോണ്ടിച്ചേരി യൂണിവേഴ്സിറ്റി) 'കാലാവസ്ഥാ വ്യതിയാനം വനത്തിനെ എങ്ങനെ ബാധിക്കുന്നു' എന്ന വിഷയത്തെക്കുറിച്ചും പ്രഭാഷണം നടത്തി.

ആഘോഷങ്ങളോടനുബന്ധിച്ച് വിദ്യാർത്ഥികളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി ആകർഷകമായ മത്സരങ്ങളും സംഘടിപ്പിച്ചു. 'പ്രകൃതിയുടെ തിരിച്ചു വരവ് ആവാസ വ്യവസ്ഥയുടെ പുനസ്ഥാപന പ്രക്രിയയിലൂടെ' എന്ന വിഷയത്തിൽ ഒരു മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ മത്സരവും 'പ്ലാസ്റ്റിക് രഹിത ഭാവിപരിസ്ഥിതി വ്യവസ്ഥയുടെ ആരോഗ്യം പുനസ്ഥാപിക്കൽ' എന്ന വിഷയത്തെ ആസ്പദമാക്കി ഓൺലൈൻ മോഡൽ ഇപോസ്റ്റർ മത്സരവും സംഘടിപ്പിച്ചു. വിജയികൾക്ക് 2000/ രൂപ കാഷ് അവാർഡും, മത്സരത്തിൽ പങ്കെടുത്തവർക്ക് അവരുടെ സംഭാവനകളും പ്രയത്നങ്ങളും അംഗീകരിച്ച് ഇസർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

സ്കൂളിലെ അസോസിയേറ്റ് പ്രൊഫസർ ഡോ.എം.ആനന്ദ് കൃതജ്ഞത രേഖപ്പെടുത്തി.




# യുവസമൂഹം ഒന്നടങ്കം വിദേശത്തേയ്ക്ക് കുടിയേറുന്നത് കേരളത്തിന് ഗുണകരമല്ല

**കൊച്ചി:** ഉപരിപഠനത്തിനായി കേരളത്തിൽ നിന്ന് വിദേശരാജ്യങ്ങളിലേക്ക് പോകുന്ന യുവാക്കളുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ ഇരട്ടിയാണെന്ന് ഇന്റർനാഷണൽ പീസ്20 യൂത്ത് സമ്മിറ്റ് ചെയർമാൻ തോമസ് വർഗീസ്. കേരള മാനേജ്മെന്റ് അസോസിയേഷൻ (കെഎംഎ) ലീഡർ ഇൻസൈറ്റ് പ്രഭാഷണ പരമ്പരയുടെ ഭാഗമായി യൂത്ത് എംപവർമെന്റ് ആൻഡ് മൈഗ്രേഷൻ: ദി റിയൽ കേരള സ്റ്റോറി എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വിദ്യാർഥി കുടിയേറ്റ നിരക്കിൽ 2016 മുതൽ തുടർച്ചയായി വർധന ഉണ്ടായിട്ടുണ്ട്. കോവിഡ് കാലയളവിൽ മാത്രമാണ് ഇതിൽ മാറ്റമുണ്ടായത്. വിദ്യാസമ്പന്നരായ യുവസമൂഹം ഒന്നടങ്കം വിദേശരാജ്യങ്ങളിലേക്ക് കുടിയേറുന്നത് സംസ്ഥാനത്തിന് ഗുണകരമാവില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഗുണമേന്മയുള്ള വിദ്യഭ്യാസം ലഭിക്കാത്തതും തൊഴിൽ അവസരങ്ങൾ ലഭ്യമല്ലാത്തതുമാണ് വിദ്യാർഥികളെ മറ്റു രാജ്യങ്ങളിലേക്ക് ആകർഷിക്കുന്നത്. ശരാശരി പതിനായിരം മുതൽ നാൽപ്പതിനായിരം രൂപ വരെയാണ് ഉപരിപഠനം പൂർത്തിയാക്കിയിറങ്ങുന്ന വിദ്യാർഥികൾക്ക് ഇവിടെ ലഭിക്കുക. യോഗ്യതയ്ക്ക് അനുസരിച്ചുള്ള തൊഴിലോ മാന്യമായ ശമ്പളമോ ഇവിടെ ലഭിക്കുന്നില്ല. യുവതലമുറയുടെ അഭിലാഷങ്ങൾക്ക് അനുസരിച്ചുള്ള മൂല്യവർധിത വിദ്യാഭ്യാസമോ ആകർഷകമായ പ്രതിഫലമോ നൽകാൻ കഴിയുന്നില്ല. ഇതാണ് യുവതലമുറയെ കേരളം വിടാൻ പ്രേരിപ്പിക്കുന്നത്. കേരളത്തിന്റെ സാമൂഹ്യ,സാമ്പത്തിക പശ്ചാത്തലവും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വിഭിന്നമാണെന്നും അദ്ദേഹം പറഞ്ഞു. കെഎംഎ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് അൾജിയേഴ്സ് ഖാലിദ് പ്രസംഗിച്ചു.

# നികുതി വിഭജനം:കേരളത്തിന് 2690.20 കോടി അനുവദിച്ചു

**ന്യൂഡൽഹി:** 2024 ജൂൺ മാസത്തെ പതിവ് നികുതി വിഭജനത്തിന് പുറമെ ഒരു അധിക ഗഡുവായി 1,39,750 കോടി രൂപ കൂടി സംസ്ഥാനങ്ങൾക്ക് ജൂൺ മാസത്തേക്ക് നൽകാൻ തീരുമാനിച്ചു. കേരളത്തിന് 2690.20 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്.വികസനവും മൂലധന ചെലവും ത്വരിതപ്പെടുത്താൻ സംസ്ഥാന സർക്കാരുകളെ തുകപ്രാപ്തമാക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്202425 ലെ ഇടക്കാല ബജറ്റിൽ സംസ്ഥാനങ്ങൾക്ക് നികുതി വിഭജനത്തിനായി 12,19,783 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.ഇപ്പോൾ അനുവദിച്ച തുക ഉൾപ്പടെ 2024 ജൂൺ 10 വരെ സംസ്ഥാനങ്ങൾക്ക് (202425 സാമ്പത്തിക വർഷത്തേക്ക്) അനുവദിച്ച ആകെ തുക 2,79,500 കോടി രൂപയായി.

# കീം ആദ്യ ഓൺലൈൻ പരീക്ഷ ചരിത്ര വിജയം: മന്ത്രി

## 79,044 പേർ പരീക്ഷയെഴുതി

**തിരുവനന്തപുരം:** സംസ്ഥാനത്ത് ആദ്യമായി നടത്തിയ 'കീം' ഓൺലൈൻ പ്രവേശന പരീക്ഷ ചരിത്രവിജയമായതായി മന്ത്രി ആർ. ബിന്ദു പറഞ്ഞു. പരീക്ഷാഫലം എത്രയും വേഗം പ്രസിദ്ധീകരിച്ച് പ്രവേശന നടപടികളിലേക്ക് കടക്കാൻ എൻട്രൻസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയതായും മന്ത്രി പറഞ്ഞു. 'കീം' എൻജിനിയറിങ്, ഫാർമസി പ്രവേശനപരീക്ഷകൾ വിജയകരമായി പൂർത്തിയാക്കാൻ സഹായിച്ച എല്ലാവർക്കും മന്ത്രി നന്ദിയും അനുമോദനവും അറിയിച്ചു. 79,044 (എഴുപത്തി ഒൻപതിനായിരത്തി നാല്പത്തിനാല്) വിദ്യാർത്ഥികളാണ് ജൂൺ അഞ്ചു മുതൽ പത്തുവരെ ആറു ദിവസങ്ങളിലായി നടന്ന ആദ്യ 'കീം' ഓൺലൈൻ പ്രവേശന പരീക്ഷയെഴുതിയത്. ഈ മാസം 5 മുതൽ 9 വരെ എൻജിനിയറിങ് പരീക്ഷയും 10ന് ഫാർമസി പരീക്ഷയുമായിരുന്നു. സംസ്ഥാനത്ത് ആദ്യമായാണ് ഇത്രയും വിപുലമായ രീതിയിൽ ഓൺലൈൻ പരീക്ഷ നടത്തിയത്. ഒരു ദിവസം പരമാവധി 18,993 പേർക്ക് പരീക്ഷ എഴുതാനുള്ള സൗകര്യം ഒരുക്കിയിരുന്നു.

പരീക്ഷയ്ക്കായി തയ്യാറാക്കിയ സോഫ്റ്റ്‌വെയർ ഒരുക്കിയത് സംസ്ഥാന സർക്കാർ സ്ഥാപനമായ സിഡിറ്റ് ആണ്. സോഫ്റ്റ്‌വെയറും അനുബന്ധ ഉപകരണങ്ങളും വിലയിരുത്താനായി മോക്ക് ടെസ്റ്റും ട്രയൽ പരീക്ഷയും നടത്തി പരീക്ഷ സുഗമമമായി നടക്കുമെന്ന് ആദ്യം ഉറപ്പാക്കി. വിവിധ ജില്ലകളിലായി 198 പരീക്ഷാ കേന്ദ്രങ്ങളിലും, ഡൽഹിയിൽ രണ്ട് പരീക്ഷാകേന്ദ്രങ്ങളിലും, മുംബൈ, ദുബായ് എന്നിവിടങ്ങളിൽ ഓരോ കേന്ദ്രങ്ങളിലുമായാണ് പരീക്ഷ നടന്നത്.

ഏറ്റവും സുഗമമായി പരീക്ഷ പൂർത്തിയാക്കാൻ എല്ലാ പിന്തുണയും നൽകിയ കോളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറേറ്റ്, സോഫ്റ്റ്‌വെയർ തയ്യാറാക്കിയ സിഡിറ്റ്, പരീക്ഷാ കേന്ദ്രങ്ങളും അനുബന്ധ സൗകര്യങ്ങളും സജ്ജമാക്കിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജ്മെന്റുകൾ, പരീക്ഷാർത്ഥികൾക്കായി പ്രത്യേക സർവീസ് നടത്തിയ കെ എസ് ആർ ടി സി, മന്ത്രിയുടെ അഭ്യർത്ഥനപ്രകാരം അധിക കോച്ച് അനുവദിച്ച റെയിൽവേ, വിവരങ്ങൾ യഥാക്രമം നൽകിയ മാധ്യമപ്രവർത്തകർ തുടങ്ങി എല്ലാവർക്കും മന്ത്രി നന്ദി അറിയിച്ചു.

# നാട്ടുമത്സ്യങ്ങളുടെ ലഭ്യത കുറയുന്നു; ഉൾനാടൻ മത്സ്യത്തൊഴിലാളികൾ പ്രതിസന്ധിയിൽ

**കടുത്തുരുത്തി:** തോടുകളിലും പുഴകളിലും നാട്ടുമത്സ്യങ്ങളുടെ ലഭ്യത കുറയുന്നു. ഉൾനാടൻ മത്സ്യത്തൊഴിലാളികൾ പ്രതിസന്ധിയിൽ. സാധാരണ വെള്ളപ്പൊക്കസമയത്ത് മീൻ പിടിക്കാനിറങ്ങുന്ന ആർക്കും കുട്ട നിറയെ മീൻ കിട്ടുന്നത് പതിവായിരുന്നു.

എന്നാൽ, കഴിഞ്ഞയാഴ്ചയുണ്ടായ വെള്ളപ്പൊക്കത്തിൽ പറയുന്നത്ര മീനൊന്നും കിട്ടിയില്ലെന്ന് ഈ മേഖലയിൽ പ്രവർത്തിക്കുന്നവർ പറയുന്നു. കടുത്തുരുത്തിയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിലെ തോടുകളിലും പുഴകളിലും നാട്ടുമത്സ്യങ്ങളുടെ ലഭ്യത കുറയുകയാണ്. ഇതോടെ ഉൾനാടൻ മത്സ്യതൊഴിലാളികളുടെ ജീവിതമാണ് പ്രതിസന്ധിയിലാവുന്നത്.



അപ്പർകുട്ടനാടൻ മേഖലയിലെ പാടശേഖരങ്ങളിലും ചെറുതോടുകളിലും മത്സ്യങ്ങളുടെ ലഭ്യത കുറഞ്ഞതോടെ ഒരു പകൽ മുഴുവൻ പണിയെടുത്താലും കാര്യമായ നേട്ടം ഇല്ലാത്ത അവസ്ഥയാണ് പലപ്പോഴുമെന്ന് ഉൾനാടൻ മത്സ്യത്തൊഴിലാളികൾ പറയുന്നു. മുൻകാലങ്ങളിൽ ദിവസം 20 മുതൽ 25 കിലോ വരെ മത്സ്യം കിട്ടിയിരുന്നു. മത്സ്യലഭ്യത കുറഞ്ഞതോടെ ഇപ്പോൾ ദൈനംദിന കാര്യങ്ങൾക്കുള്ള വരുമാനം പോലും ലഭിക്കുന്നില്ലെന്നതാണ് ഇവരുടെ സങ്കടം. മത്സ്യസമ്പത്ത് ഗണ്യമായി കുറയുന്ന വേനൽക്കാലത്ത് പലപ്പോഴും വീടുകൾ പട്ടിണിയിലാണെന്നും മത്സ്യത്തൊഴിലാളികൾ പറയുന്നു.

# പച്ചക്കറി വില കുതിക്കുന്നു

**കോട്ടയം:** ഇടവേളയ്ക്കുശേഷം പച്ചക്കറി വില വീണ്ടും ഉയരുന്നു. ഇതോടെ സാധാരണക്കാരുടെ കുടുംബബജറ്റ് താളം തെറ്റി.കോട്ടയം മാർക്കറ്റിൽ പച്ചക്കറിയുടെ വരവും കുറഞ്ഞു. ഒരാഴ്ച മുമ്പ് നാലു കിലോ 100 രൂപയ്ക്ക് വിറ്റിരുന്ന സവാള ഇന്നലെ കിലോയ്ക്ക് 40 രൂപയിലെത്തി. ചെറിയ ഉള്ളിക്ക് 80 രൂപയാണു വില. 30 രൂപ വിലയുണ്ടായിരുന്ന ഉരുളക്കിഴങ്ങിന് 40 രൂപയായി. പച്ചമുളകിന് 120 രൂപയുമാണ് കഴിഞ്ഞദിവസത്തെ വിലനിലവാരം.

ഒരാഴ്ചയ്ക്കിടെ തക്കാളിക്കുണ്ടായ വിലവർധന ഇരട്ടിയിലധികമാണ്, ചരിത്രത്തിലെ ഏറ്റവും വലിയ വിലയിലേക്ക് വെള്ളരിയുമെത്തി. സെഞ്ചറി കഴിഞ്ഞു പാവലിനും പയറിനും. കറിക്കൊരുക്കത്തിനായി പച്ചക്കറി കടയിലെത്തിയാൽ കീശ കാലിയാകുന്ന അവസ്ഥയാണ്. ഏപ്രിൽ, മേയ് മാസങ്ങളിലെ ചൂടിൻറെ ആഘാതം തുടരുന്നതിനിടെ മഴ ശക്തമാകുകകൂടി ചെയ്തതാണു പച്ചക്കറി വിപണിയിൽ അസാധാരണ വിലക്കയറ്റത്തിനു കാരണം. ഇരട്ട സെഞ്ചറിയിൽ വരെ എത്തിയ ബീൻസ് വില 120 രൂപയിലേക്കു താഴ്ന്നതു മാത്രമാണ് ഏക ആശ്വാസം.

കഴിഞ്ഞയാഴ്ച ആദ്യം 60 രൂപയായിരുന്ന തക്കാളി വില ശനിയാഴ്ച 80 രൂപയായി, ഇന്നു വീണ്ടും വർധിച്ചേക്കുമെന്നാണ് സൂചന. സാധാരണ 40 രൂപ കടക്കാത്ത വെള്ളരി വില ഇന്നലെ 60 ആയി. പാവയ്ക്കയ്ക്കും നാടൻ വള്ളി പയറിനും 120 രൂപയാണു വില. നീളം കുറഞ്ഞ പയർ 6070 രൂപയ്ക്കു ലഭിക്കും. രുചിയിൽ പിന്നിലാണെന്നതിനാൽ ചെറിയ പയറിനു ഡിമാൻഡ് കുറവാണ്.

കോവയ്ക്ക 40, 60 രൂപകളിൽ ലഭ്യമാണ്. കാബേജ്, കാരറ്റ് വില 80 രൂപയാണ്. ഊട്ടി ബീറ്റ്റൂട്ടിനു 80 രൂപയാണെങ്കിൽ മറ്റിടങ്ങളിൽനിന്നു വരുന്നത് 60 രൂപയ്ക്കു ലഭിക്കും. 120 രൂപയും 140 രൂപയും വിലയുള്ള രണ്ടിനം പച്ചമുളക് ലഭ്യമാണ്. മുരിങ്ങക്കായ വില 90 രൂപയാണെങ്കിൽ കറിക്കായ വില ഏറെക്കാലമായി 5060 രൂപയിൽ നിൽക്കുകയാണ്.

കിഴങ്ങ്, സവാള വിലകളും വർധിക്കുന്നതു സാധാരണക്കാർക്കൊപ്പം ഹോട്ടൽ, തട്ടുകട ഉടമകളെയും ബാധിക്കുകയാണ്. ശനിയാഴ്ച കിഴങ്ങ് വില 60 രൂപയും സവാള വില 40 രൂപയുമായിരുന്നു. കാലവർഷം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ സജീവമായാൽ വില വീണ്ടും ഉയരാനുള്ള സാധ്യതയാണു വ്യാപാരികൾ പ്രവചിക്കുന്നത്.

മഴ ശക്തമായതോടെ നാടൻ ഇനങ്ങൾ വിപണിയിലേക്ക് എത്തുന്നതേയില്ല. ഓണത്തിനൊരുക്കമായി കൃഷി ആരംഭിക്കാനിരുന്നവരെ പോലും മഴ വെട്ടിലാക്കിയിരിക്കുകയാണ്.

ജനുവരി മുതൽ മേയ് 31വരെ കാലയളവിൽ ചൂടിലും മഴയിലുമായി ജില്ലയിൽ അമ്പതു ഹെക്ടറോളം പച്ചക്കറി നശിച്ചിരുന്നു. ഇതും വിലക്കയറ്റത്തിലേക്കു നയിച്ചുവെന്നു വ്യാപാരികൾ പറയുന്നു.

# സമം കലാലയ മൈക്രോ ഫിലിം ഫെസ്റ്റ് എൻട്രികൾ 15 വരെ സമർപ്പിക്കാം

**തിരുവനന്തപുരം:** സ്ത്രീ സമത്വത്തിനായി സാംസ്കാരിക മുന്നേറ്റം' എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന കേരള സാംസ്കാരിക വകുപ്പിന്റെ 'സമം' പദ്ധതിയുടെ ഭാഗമായി, ഭാരത് ഭവന്റെ സംഘാടനത്തിൽ, സംസ്ഥാനതലത്തിൽ കലാലയ ഡിജിറ്റൽ ഫിലിം മേക്കിങ് മത്സരത്തിലേക്ക് എൻട്രികൾ സ്വീകരിക്കുന്നത് ജൂലൈ 15 വരെ നീട്ടി. സ്ത്രീധനം, അസമത്വം, പെൺകുട്ടികളോടുള്ള അതിക്രമം തുടങ്ങി സമൂഹത്തിൽ ആപൽക്കരമായി നിലനിൽക്കുന്ന ദുരവസ്ഥകളോട് നീതിപൂർവ്വം പ്രതികരിക്കുന്ന ഫിക്ഷനുകൾ,ശക്തമായ സന്ദേശം നൽകുന്ന റീൽസ്, പ്രതിസന്ധികളോട് പൊരുതി മുന്നേറിയ സ്ത്രീകളുടെ അതിജീവനം മുന്നോട്ട് വയ്ക്കുന്ന ഹ്രസ്വ ഡോക്യുമെന്ററി എന്നീ വിഭാഗങ്ങളിലായാണ് മത്സരം സംഘടിപ്പിക്കുന്നത്.

3 മുതൽ 5 മിനിട്ടുവരെ ദൈർഘ്യമുള്ള ഫിക്ഷനുകൾ, 30 സെക്കന്റ് മുതൽ 1 മിനിട്ട് വരെ ദൈർഘ്യമുള്ള റീൽസ്,5 മിനിട്ട് വരെ ദൈർഘ്യമുള്ള അതിജീവന കരുത്തിന്റെ സ്ത്രീ ജീവിത സാക്ഷ്യങ്ങൾ മുന്നോട്ട് വയ്ക്കുന്ന ഡോക്യുമെന്ററി എന്നീ കലാലയ സൃഷ്ടികൾ പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം സഹിതം samammicrofilmfest@gmail.com-എന്നമെയിലിലേക്കോ മെമ്പർ സെക്രട്ടറി ഭാരത് ഭവൻ തൃപ്തി ബംഗ്ലാവ്, തൈക്കാട് എന്ന വിലാസത്തിൽ പെൻഡ്രൈവിലോ 2024 ജൂലൈ 15 നകം അയച്ചു നൽകാവുന്നതാണ്. മികച്ച സൃഷ്ടികൾക്ക് ക്യാഷ് അവാർഡും, ഫലകവും, സാക്ഷ്യപത്രവും നൽകും .കൂടുതൽ വിവരങ്ങൾക്ക് 0471 4000 282.

# വർക്ക്ഷോപ്പ്

**കൊച്ചി:** എം.എസ്.എം.ഇ മേഖലയിലെ കയറ്റുമതി ഇറക്കുമതി നടപടിക്രമങ്ങളെ കുറിച്ച് അറിവ് നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ്, 3 ദിവസത്തെ വർക് ഷോപ്പ് സംഘടിപ്പിക്കുന്നു. ജൂൺ 19 മുതൽ 21 വരെ കളമശ്ശേരിയിലുള്ള കീഡിന്റെ ക്യാമ്പസിലാണ് പരിശീലനം. എം എസ് എം ഇ മേഖലയിലെ സംരംഭകർ / സംരംഭകർ ആകുവാൻ ആഗ്രഹിക്കുന്നവർ എന്നിവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. എക്സ്പോർട്ട് ഇംപോർട്ട് ഡോക്യുമെന്റേഷൻ പ്രോസ്യൂജ്യുവേഴ്സ്, റോൾ ഓഫ് ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രേഡ്, മോഡ് ഓഫ് എൻട്രി ഇൻടു ഇന്റർനാഷണൽ മാർക്കറ്റ്, എക്സ്പോർട്ട് കോൺട്രാക്, ഹൗ ടു ഐഡന്റിഫൈ പൊട്ടെൻഷ്യൽ മാർക്കറ്റ്/ബയർ ഇൻ ഇന്റർനാഷണൽ മാർക്കറ്റ്, റോൾ ഓഫ് ഫെഡറേഷൻ ഓഫ് ഇൻഡ്യൻ എക്സ്പോർട്ട് ഓർഗനൈസേഷൻ , റോൾ ഓഫ് കസ്റ്റംസ് ഇൻ ഇന്റർനാഷണൽ ട്രേഡ്, റോൾ ഓഫ് എക്സ്പോർട്ട് ഇൻസ്പെക്ഷൻ ഏജൻസി ഇൻ പ്രീഷിപ്മെന്റ് ഇൻസ്പെക്ഷൻ ആന്റ് ക്വാളിറ്റി കൺട്രോൺ, ഇന്റർനാഷണൽ ഷിപ്പിംഗ് ആന്റ് ലോജിസ്റ്റിക്സ്, എക്സ്പോർട്ട് ഫിനാൻസ്, ക്രഡിറ്റ് റിസ്ക് മാനേജ്മെന്റ് തുടങ്ങിയ നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2,950 രൂപയാണ് 3 ദിവസത്തെ പരിശീലനത്തിന്റെ ഫീസ്. താത്പര്യമുള്ളവർ ഓൺലൈനായി http://kied.infot/raining-calender ൽ ജൂൺ 16ന് മുമ്പ് അപേക്ഷ സമർപ്പിക്കണം.




# പുരപ്പുറ സോളാർ: പ്രചാരണവുമായി ടാറ്റാ പവർ

**കൊച്ചി:** പുരപ്പുറ സോളാർ കമ്പനിയും ടാറ്റാ പവർ റിന്യൂവബിൾ എനർജി ലിമിറ്റഡിൻറെ സബ്സിഡിയറിയുമായ ടാറ്റാ പവർ സോളാർ സിസ്റ്റംസ് ഘർഘർ സോളാർ, ടാറ്റാ പവർ കേ സംഘ് എന്ന പേരിലുള്ള ദേശീയ പ്രചാരണ പരിപാടിക്ക് തുടക്കം കുറിച്ചു. ഉപഭോക്താക്കളെ തങ്ങളുടെ വീടുകളുടെ മേൽക്കൂരയിൽ സോളാർ വൈദ്യുത സംവിധാനങ്ങൾ സ്ഥാപിക്കാൻ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യവുമായാണ് ഈ പ്രചാരണ പരിപാടി ആരംഭിച്ചത്.

ടാറ്റാ പവർ റിന്യൂവബിൾ എനർജി ലിമിറ്റഡ് മാനേജിങ് ഡയറക്ടറും സിഇഒയുമായ ദീപേഷ് നന്ദയുടെ സാന്നിധ്യത്തിൽ ടാറ്റാ പവർ മാനേജിങ് ഡയറക്ടറും സിഇഒയുമായ ഡോ. പ്രവീർ സിൻഹ കാമ്പയിന് തുടക്കം കുറിച്ചു.ശുദ്ധമായ ഊർജ്ജത്തിലേക്കുള്ള നീക്കത്തിന് ജനങ്ങളെ പ്രോൽസാഹിപ്പിക്കുന്ന ഘർഘർ സോളാർ പ്രചാരണ പരിപാടിക്കു തുടക്കം കുറിക്കുന്നതിൽ തനിക്കേറെ ആഹ്ലാദമുണ്ടെന്ന് ടാറ്റാ പവർ മാനേജിങ് ഡയറക്ടറും സിഇഒയുമായ ഡോ. പ്രവീർ സിൻഹ പറഞ്ഞു. പുരപ്പുറ സൗരോർജ്ജ പദ്ധതി അതിവേഗം സ്വീകരിക്കപ്പെടാൻ പിന്തുണ നൽകുന്ന വിധത്തിൽ അഖിലേന്ത്യാ സാന്നിധ്യവും അനുഭവ സമ്പത്തും സാങ്കേതികവിദ്യാ വൈദഗ്ദ്ധ്യവും ഏറ്റവും കൂടുതലുള്ളത് ടാറ്റാ പവറിനാണ്. 310 ജില്ലകളിലായുള്ള തങ്ങളുടെ പങ്കാളിത്ത ശൃംഖലയ്ക്ക് മൂന്നു ദശാബ്ദത്തിലേറെയുള്ള പ്രവർത്തന പരിചയം ഉണ്ടെന്നും അദ്ദേഹം പറഞ്ഞു.

പുരപ്പുറ സോളാർ ഉപഭോക്താക്കൾക്ക് ഏറ്റവും കൂടുതൽ ആനുകൂല്യങ്ങളാണ് ടാറ്റാ പവർ നൽകുന്നത്. മോഡ്യൂളുകളിൽ 25 വർഷത്തെ വാറണ്ടി, വിശ്വസനീയമായ ഗുണമേൻമാ ഉറപ്പ്, 310 ജില്ലകളിൽ വിൽപന സേവന സംവിധാനം, ലൈഫ്ടൈം സർവീസ്, ഇന്ത്യയിലുടനീളം വിൽപനാനന്തര സേവനം, ലളിതമായ വായ്പകൾ, ഇൻഷൂറൻസ് തുടങ്ങി നിരവധി സേവനങ്ങളാണ് കമ്പനി ലഭ്യമാക്കുന്നത്. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, എസ്ബിഐ, ഇന്ത്യൻ ബാങ്ക്, പിഎൻബി തുടങ്ങിയ ബാങ്കുകളുമായി പുരപ്പുറ സോളാർ പദ്ധതികൾക്കായി സാമ്പത്തിക പിന്തുണ നൽകുന്നതിനുള്ള സഹകരണവും കമ്പനി ആരംഭിച്ചിട്ടുണ്ട്.

# സ്ത്രീകൾക്ക് മാത്രമായി ഹെർ ഹേവൻ ഭവന വായ്പയുമായി സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി:** സംരംഭകരും പ്രൊഫഷണലുകളുമായ സ്ത്രീകൾക്ക് മാത്രമായി 'ഹെർ ഹേവൻ' ഭവന വായ്പ പദ്ധതി പ്രഖ്യാപിച്ച് സൗത്ത് ഇന്ത്യൻ ബാങ്ക്. സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഈ വായ്പ പദ്ധതിക്ക് ബാങ്ക് തുടക്കമിടുന്നത്. ഈ മാസം 30വരെ രാജ്യത്തുടനീളം ഈ വായ്പ സ്ത്രീകൾക്ക് ലഭ്യമാണെന്ന് ബാങ്ക് അറിയിച്ചു. സ്വയം തൊഴിൽ സംരംഭകരുൾപ്പടെ വിവിധ മേഖലയിൽ വൈദഗ്ധ്യമുള്ള സ്ത്രീകൾക്ക് കുറഞ്ഞ പലിശനിരക്കിലാണ് ഈ ഭവന വായ്പ. 8.50 ശതമാനമാണ് പലിശ നിരക്ക്. ഈടായി നൽകുന്ന വസ്തു, സ്ഥലം എന്നിവയുടെ ഉടമകളായിരിക്കണം അപേക്ഷകരായ വനിതകളെന്ന വ്യവസ്ഥയുമുണ്ട്. കുറഞ്ഞത് 40,000 രൂപ മാസവരുമാനം ലഭിക്കുന്ന ജോലിക്കാരായ വനിതകൾക്കും അപേക്ഷിക്കാം. വനിത സംരംഭകർക്കുള്ള കുറഞ്ഞ വായ്പാ പരിധി 50 ലക്ഷം രൂപയാണ്. ക്രെഡിറ്റ് (സിബിൽ) സ്കോർ 720/1 ഉണ്ടായിരിക്കണം.

നിർണായകമായ വനിതാ ശാക്തീകരണം ലക്ഷ്യമിട്ടുള്ള ബാങ്കിന്റെ പ്രവർത്തനങ്ങളിലെ നിർണായക ചുവടുവെപ്പാണ് ഹെർ ഹേവൻ ഭവന വായ്പയെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് സീനിയർ ജനറൽ മാനേജരും ഗ്രൂപ്പ് ബിസിനസ് ഹെഡുമായ ബിജി എസ് എസ് പറഞ്ഞു. 'വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരുടെയും സ്വയംതൊഴിൽ സംരംഭകരുടെയും വീടെന്ന സ്വപ്നം സഫലീകരിക്കാൻ ഈ കുറഞ്ഞ പലിശനിരക്കിലുള്ള വായ്പാ പദ്ധതിയിലൂടെ കഴിയും. വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുക മാത്രമല്ല, അവരുടെ നിസ്തുലമായ സംഭാവനകളെ അംഗീകരിക്കാനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു,' ബിജി എസ് എസ് പറഞ്ഞു.



# ജെ ഇ ഇ അഡ്വാൻസ്ഡ്: ആകാശിലെ മാധവ് മനു വിനും ഗൗതമിനും റാങ്കിന്റെ തിളക്കം

**കൊച്ചി:** ജെ ഇ ഇ അഡ്വാൻസ്ഡിൽ കേരളത്തിലെ ആദ്യ രണ്ടു റാങ്കുകൾ ആകാശ് വിദ്യാർഥികളായ മാധവ് മനുവിനും ഗൗതം പി എയ്ക്കും. കോഴിക്കോട് സ്വദേശിയായ ആകാശിയൻ മാധവ് മനു അഖിലേന്ത്യാ തലത്തിൽ 348ാം റാങ്കും കൊച്ചി ആകാശിലെ ടോപ് സ്കോറർ ഗൗതം പി എ അഖിലേന്ത്യാ തലത്തിൽ 394ാം റാങ്കുമാണ് നേടിയത്. ഗൗതമിന്റെ നേട്ടത്തെ ആകാശ് എജ്യുക്കേഷണൽ സർവീസസ് ലിമിറ്റഡിന്റെ ചീഫ് അക്കാദമിക് ആന്റ് ബിസിനസ് ഹെഡ് ധീരജ് മിശ്ര അഭിനന്ദിച്ചു. വിദ്യാർഥിയുടെ മാതൃകാപരമായ നേട്ടത്തിന് അഭിനന്ദിക്കുന്നതോടൊപ്പം ഗൗതമിന്റെ കഠിനാധ്വാനത്തിന്റെയും അർപ്പണബോധത്തിന്റെയും മികവും മാതാപിതാക്കളുടെ പിന്തുണയും ശ്രദ്ധേയമാണെന്നും എല്ലാ വിദ്യാർഥികൾക്കും അവരുടെ ഭാവി ശ്രമങ്ങളിൽ ആശംസകൾ നേരുന്നതായും അദ്ദേഹം പറഞ്ഞു. ജെ ഇ ഇ അഡ്വാൻസ്ഡിന് 2024ൽ 1, 2 പേപ്പറുകളിലായി 180,200 വിദ്യാർഥികളാണ് പങ്കെടുത്തത്. അതിൽ 48,248 പേരാണ് യോഗ്യത നേടിയത്.


